# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7277 16.07.2012 ൽ - മറുപടിക്ക്

**സർക്കാർ ഉദ്യോഗസ്ഥരെ ബി.പി.എൽ. ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരുടെ റേഷൻ കാർഡുകൾ എ.പി.എൽ. കാർഡുകളാക്കണമെന്ന നിർദ്ദേശം അനുസരിച്ച് എത്രയെണ്ണം എ.പി.എൽ. കാർഡുകൾ ആക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെട്ട ബി.പി.എൽ. കാർഡുകൾ എ.പി.എൽ. ആക്കി മാറ്റുന്നതിന് സമയപരിധി നിശ്ചയിച്ചിരുന്നതനുസരിച്ച് 30.06.12 വരെ സംസ്ഥാനത്ത് 35,078 ബി.പി.എൽ. കാർഡുകൾ എ.പി.എൽ. ആക്കി മാറ്റിയിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ കണക്കുപ്രകാരം ഇനി എത്ര കാർഡുകൾ എ.പി.എൽ. കാർഡുകളായി മാറ്റേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | സർക്കാരിന്റ കണക്കുപ്രകാരം സർക്കാരുദ്യോഗസ്ഥരുൾപ്പെട്ട 6560 ബി.പി.എൽ. കാർഡുകൾ (10.07.12 വരെ) എ.പി.എൽ. ആക്കി മാറ്റേണ്ടതുണ്ട്. |
| (സി) | ഇനിയും കാർഡുകൾ മാറ്റിയിട്ടില്ലാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | (സി) | അനർഹരായി ബി.പി.എൽ/എ.എ.വൈ കാർഡ് കൈവശം വയ്ക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതും അതോടൊപ്പം അവരുടെ റേഷൻ കാർഡുകൾ റദ്ദാക്കുന്നതിനുമുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ